## പതിനാലാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2327      14.06.2019-ൽ മറുപടിയ്ക്ക്

**കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി**

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പ്രവാസി ചിട്ടി ആദ്യഘട്ട ത്തിൽ ആരംഭിച്ച യു.എ.ഇ. യിൽ അതിന് ലഭിച്ച പ്രതികരണം ആശാവഹമാ യിരുന്നോ; ഇതിന്റെ അടിസ്ഥാന ത്തിൽ മറ്റ് ഗൾഫ് രാജ്യങ്ങളി ലേക്ക് കൂടി ഇത് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ആശാവഹമായിരുന്നു. ഇതിന്റെ അടിസ്ഥാന ത്തിൽ, ഇപ്പോൾ എല്ലാ ജിസിസി രാജ്യങ്ങളിലും കെ.എസ്.എഫ്.ഇ. പ്രവാസിചിട്ടി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രവാസി ചിട്ടി യൂറോപ്യൻ രാജ്യങ്ങളിൽ വ്യാപിപ്പിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാന ത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | യു.കെ.യിലും മറ്റ് യൂറോപ്യൻ രാജ്യങ്ങളിലും കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി വ്യാപിപ്പിക്കുന്ന തിന്റെ ഭാഗമായി 18.05.2019 ന് ലണ്ടനിൽ വെച്ച് നടന്ന ചടങ്ങിൽ ബഹു. മുഖ്യമന്ത്രിയും ധനകാര്യ വകുപ്പ് മന്ത്രിയും അവിടുത്തെ മലയാളി സമൂഹത്തെ അഭിസംബോധന ചെയ്ത് സംസാരിയ്ക്കുകയുണ്ടായി. തുടർന്ന് അയർലണ്ടിലും മലയാളി സമൂഹത്തെ സംബോധന ചെയ്യുവേളയിൽ കെ.എസ്.എഫ്.ഇ. അധികൃതരും പങ്കെടുക്കുകയു ണ്ടായി. ഇതേ തുടർന്ന് യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള പ്രവാസി മലയാളികളുടെ രജിസ്ട്രേഷൻ തുടങ്ങിവെച്ചിട്ടുമുണ്ട്. |
| (സി) | ഇതുവരെ പ്രവാസി ചിട്ടിയിൽ ചേരുന്നതിന് എത്ര പേർ രജിസ്റ്റർ ചെയ്തു; അതിൽ എത്രപേർ ഇതിനകം ചിട്ടി വരിസംഖ്യ അടക്കുകയുണ്ടായി എന്നറിയി ക്കാമോ; | (സി) | പ്രവാസി ചിട്ടിയിൽ ഇതുവരെ 29681 പേർ രജിസ്റ്റർ ചെയ്തു. 6608 പേർ വരിക്കാരായി ഇതിനകം ചിട്ടി വരിസംഖ്യ അടച്ചു. |

| | | | |
|---|---|---|---|
| (ഡി) | എത്ര നമ്പർ ചിട്ടികളാണ് ഇതിനകം ആരംഭിച്ചത്; | (ഡി) | 210 ചിട്ടികളാണ് ഇതിനകം ആരംഭിച്ചത്. |
| (ഇ) | പ്രസ്തുത പ്രവാസി ചിട്ടിയിൽ ചേരുന്ന പ്രവാസികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കമോ? | (ഇ) | ഇൻഷ്വറൻസ്, അപകട ഇൻഷ്വറൻസ്, ആവശ്യമുള്ളവർക്ക് പെൻഷൻ സംവിധാനം എന്നിവയാണ് പ്രധാന ആനുകൂല്യങ്ങൾ. ഇതു പ്രകാരം ഇടപാടുകാരൻ ദൗർഭാഗ്യവശാൽ മരണപ്പെടുകയോ തൊഴിൽ എടുക്കാൻ കഴിയാത്തവിധം അപകടത്തിൽപ്പെടുകയോ ചെയ്താൽ 10 ലക്ഷം രൂപവരെയുള്ള ബാധ്യതയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതും വിദേശത്തു വെച്ച് മരണപ്പെടുകയാണെങ്കിൽ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള വിമാനചെലവ്, (അനുയാത്ര ചെയ്യുന്ന വ്യക്തിയുടെ ഉൾപ്പെടെ) കെ.എസ്.എഫ്.ഇ. വഹിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ